# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1740 5/12/2014 ൽ മറുപടിയ്ക്ക്

## റബ്ബർബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്നു നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25/2/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ എസ് എസ് 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13/10/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 232/2014/കൃഷി പ്രകാരം ആർ എസ് എസ് 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽ നിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6/11/2014 തീയതിയിലെ സ.ഉ(എംഎസ്) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽ നിന്നും കിലോയ്ക്ക് 5/- രൂപ കൂടുതൽ നൽകി ആർ എസ് എസ് 4, ആർ എസ് എസ് 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.<br>റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാനസർക്കാർ, |

കേന്ദ്രസർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. റബ്ബറിന്റെ ഇറക്കുമതി തടയുക.

2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.

3. റബ്ബർ ഷീറ്റിന്റേയും, റബ്ബർ ഉല്പന്നങ്ങളുടേയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.

4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതു പോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.

5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.

6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.

7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.

8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.

9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക.

10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.

| | |
|---|---|
| (ബി) റബ്ബർ കർഷകർക്ക് നിലവിൽ സബ്സിഡി വിതരണം തടസപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുനസ്ഥാപിക്കുന്നതിന് ഏന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) റബ്ബർ കർഷകർക്ക് സബ്സിഡി നൽകുന്നത് റബ്ബർ ബോർഡാണ്. |

| | | | |
|---|---|---|---|
| (സി) | റബ്ബർ ബോർഡിന്റെ പ്രവർത്തനം വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലേയ്ക്ക് മാറ്റുകയാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇത് ഈ കാർഷിക മേഖലയെ കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന് അറിയാമോ; | (ഡി) | ബാധകമല്ല |
| (ഇ) | റബ്ബർ ബോർഡിന്റെ പ്രവർത്തനം സംസ്ഥാനത്ത് തുടരുന്നതിനും കർഷകരുടെ ആശങ്ക പരിഹരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ